കണ്ടുപിടിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. വാഹനാപകടങ്ങളുടെ സാന്ദ്രത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ കണ്ടുപിടിച്ച് പൊതുമരാമത്ത് വകുപ്പ് തുടങ്ങി മറ്റ് വകുപ്പുകളുടെ സഹായത്തോടുകൂടി തിരുത്തൽ നടപടികൾ എടുക്കുന്നതിനു വേണ്ടിയുള്ള നടപടികളും സ്വീകരിച്ചുവരുന്നു. റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിനും റോഡ് സുരക്ഷാ നടപടികൾ കൂടുതൽ ഫലവത്തായി നടത്തുന്നതിനും മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിംഗ് പ്രവർത്തിച്ചുവരുന്നു.

ഇതിനുപുറമെ സംസ്ഥാനത്ത് ഉണ്ടാകുന്ന മോട്ടോർ ആക്സിഡന്റ് റിവ്യൂ ചെയ്യുന്നതിനായി സംസ്ഥാനതലത്തിൽ റോഡ് സുരക്ഷാ കമ്മീഷണർ കൺവീനറായി സ്റ്റേറ്റ് ലെവൽ ആക്സിഡന്റ് റിവ്യൂ കമ്മിറ്റിയും ജില്ലാതലത്തിൽ ജില്ലാ പോലീസ് മേധാവി കൺവീനറായി ജില്ലാതല ആക്സിഡന്റ് റിവ്യൂ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഇവ സംസ്ഥാനത്ത് ഉണ്ടാകുന്ന പ്രധാനപ്പെട്ട അപകടങ്ങൾ റിവ്യൂ ചെയ്യുവരുന്നു.

(സി) വിലയിരുത്തിവരുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ അതോറിറ്റിക്ക് ബഡ്ജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

വർഷം	വരവ്	ചെലവ്
2010-11	15,00,00,000	6,40,64,693
2011-12	15,00,00,000	27,86,93,569
2012-13	15,00,00,000	14,35,81,107
2013-14	38,71,00,000	27,56,76,768
2014-15	50,00,00,000	19,95,78,937

കൊട്ടാരക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ സർവ്വീസുകൾ

316 (3138) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊട്ടാരക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും റദ്ദ് ചെയ്ത സർവ്വീസുകൾ ഏതെല്ലാമാണ് ; അതിന്റെ കാരണങ്ങൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊട്ടാരക്കര ഡിപ്പോയ്ക്ക് എത്ര പുതിയ ബസ്സുകൾ അനുവദിച്ചിട്ടുണ്ട്; അവ ഏതെല്ലാം വിഭാഗത്തിൽപ്പെടുന്നു ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ ഡിപ്പോയിൽനിന്നും ആരംഭിച്ച പുതിയ സർവ്വീസുകൾ ഏതെന്നും അവ ആരുടെ ശിപാർശപ്രകാരം ആരംഭിച്ചെന്നും അവയുടെ പ്രതിദിന ശരാശരി വരുമാനം എത്രയെന്നും വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) ബസ്സിന്റെ കുറവ് കാരണം 30 സർവ്വീസുകൾ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്.

1. 10.30 നെടുമൺകാവ് (സ്റ്റേ)
2. 11.45 കൊല്ലം (സ്റ്റേ)
3. 12.00 ചിന്നക്കട (സ്റ്റേ)
4. 12.00 ആയൂർ (സ്റ്റേ)
5. 12.50 കൊല്ലം (സ്റ്റേ)
6. 13.00 അടൂർ (സ്റ്റേ)
7. 13.00 പുനലൂർ (സ്റ്റേ)
8. 04.15 കോഴിക്കോട് SFP
9. 06.20 ഇമ്പോട് - തിരുവനന്തപുരം FP
10. 05.50 കടമ്പനാട് ORD
11. 06.20 മേലില-പുനലൂർ
12. 05.45 ഇടക്കോട്
13. 05.50 ചക്കുളത്ത്കാവ്
14. 06.10 വെണ്ടാർ-അടൂർ

LIBRARY ARCHIVES Kerala Legislative Assembly

15. 06.20 പഴഞ്ഞംവഴി-അഞ്ചൽ

16. 06.30 നെല്ലിക്കുന്നം-ആയൂർ

17. 06.30 പാണ്ടിത്തട്ട്-പത്തനാപുരം

18. 06.35 ചാത്തന്നൂർ

19. 06.40 അസീസിയ

20. 06.40 കോഴിക്കോട്

21. 07.00 അന്തമൺ-പട്ടാഴി

22. 07.10 കായംകുളം

23. 07.15 വെളിയം

24. 05.50 പുനലൂർ

25. 06.10 കൊല്ലം

26. 06.05 പുനലൂർ

27. 06.15 കൊല്ലം

28. 06.20 പുനലൂർ

29. 06.50 കൊല്ലം

30. 07.05 കൊല്ലം

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊട്ടാരക്കര ഡിപ്പോയ്ക്ക് 23 പുതിയ ബസ്സുകൾ അനുവദിച്ചിട്ടുണ്ട്.

സൂപ്പർ ഡീലക്സ്-2

സൂപ്പർ ഫാസ്റ്റ്-7

ഫാസ്റ്റ് പാസഞ്ചർ-13

LIBRARY ARCHIVES Kerala Legislative Assembly

ഓർഡിനറി-1 എന്നീ വിഭാഗങ്ങളിലായാണ് പുതിയ ബസ്സുകൾ അനുവദിച്ചിട്ടുള്ളത്.

(സി) 9 സർവ്വീസുകൾ

1. 06.30 പ്ലാത്തല-ചിന്നക്കട-ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ. പ്ലാത്തല രാഘവന്റെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ. ശരാശരി പ്രതിദിന വരുമാനം-10,000 രൂപ

2. 06.05 കൊട്ടാരക്കര-കമിളി-സ്വകാര്യ സൂപ്പർ ക്ലാസ് സർവ്വീസ് ഏറ്റെടുത്തത്. വരുമാനം-12,000 രൂപ

3. കൊട്ടാരക്കര-പാരിപ്പള്ളി ചെയിൻ സർവ്വീസ് 5 എണ്ണം-കൊട്ടാരക്കര എം.എൽ.എ, മാവേലിക്കര എം.പി., പ്രദേശത്തെ സന്നദ്ധ സംഘടനകൾ എന്നിവരുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ. ശരാശരി വരുമാനം- 8,000 രൂപ വീതം.

4. 06.18 ചിന്നക്കട-കൊല്ലം മേഖലാ അധികാരിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ. ശരാശരി വരുമാനം-10,000 രൂപ

5. 06.05 കളത്തുപ്പുഴ-പുനലൂർ എം.എൽ.എ.-യുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ. ശരാശരി വരുമാനം-9,000 രൂപ.

കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്ന് ഓപ്പറേറ്റ് ചെയ്യുന്ന സർവ്വീസുകൾ

317(3139) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്ന് ഓപ്പറേറ്റ് ചെയ്യുന്ന ആകെ എത്ര ബസ്സ് സർവ്വീസുകളാണുള്ളതെന്നും അവ ഓരോന്നിനും 2015 ജനുവരി മുതലുള്ള മാസങ്ങളിലെ ശരാശരി കളക്ഷൻ എത്രയെന്നും വ്യക്തമാക്കാമോ ;

(ബി) ഇതിൽ 2014 ഒക്ടോബർ ഒന്നിനുശേഷം ആരംഭിച്ച സർവ്വീസുകൾ ഏതെല്ലാമാണെന്നും ഇവ ആരംഭിച്ചത് ഏതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്നും വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly